**ശ്രദ്ധ ക്ഷണിക്കൽ**

## നെല്ല് സംഭരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മൂന്ന് ലക്ഷത്തിലധികം വരുന്ന കേരളത്തിലെ നെൽക്കർഷകരുടെ ദുരിതപൂർണ്ണമായ ജീവിതാവസ്ഥയ്ക്ക് പരിഹാരം കാണാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ ഭൂരിപക്ഷം നെൽക്കർഷകരും സർക്കാരിന്റെ നെല്ല് സംഭരണ സംവിധാനത്തെ ആശ്രയിക്കുന്നവരാണ്. അതിനുള്ള പ്രധാന കാരണം, നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ നെല്ലുവില ലഭ്യമാക്കുന്നത് കേരള സംസ്ഥാന സർക്കാരാണ് എന്നുള്ളതാണ്. അതുപോലെ സംഭരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിലും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മാതൃകാപരമായ നിലപാടാണ് എല്ലാക്കാലത്തും സ്വീകരിച്ചുവരുന്നത്. എന്നാൽ കുറച്ചുകാലമായി കർഷകർക്ക് സമയബന്ധിതമായി നെല്ലുവില ലഭിക്കുന്നില്ലെന്നകാര്യം ഈ സഭയിൽ പലതവണ ഞാൻ ഉന്നയിച്ചിരുന്നു. അതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് കേരളത്തോടും രാജ്യത്തെ കർഷകരോടുമുള്ള കേന്ദ്ര സർക്കാരിന്റെ ധിക്കാരം നിറഞ്ഞ അവഗണനയാണെന്നത് എല്ലാവർക്കും അറിയാം. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ 12 സീസണിലെ നെല്ലുവിലയിനത്തിൽ 615 കോടി രൂപ

കേന്ദ്രം ഇനിയും നൽകിയിട്ടില്ല. 2017-2018-ൽ 6.37 കോടി രൂപ മുതൽ 2022-23-ലെ 351.22 കോടി രൂപ വരെ കുടിശ്ശിക വച്ച ഒരു സർക്കാരാണ് കേന്ദ്രസർക്കാർ. ഇതിനെതിരെ ശബ്ദിക്കാൻ കേരളത്തെ പ്രതിനിധീകരിക്കുന്ന യു.ഡി.എഫ്.-ലെ പതിനെട്ട് എം.പി.-മാരും നാളിതുവരെ തയ്യാറായിട്ടില്ലെന്നത് കേരളത്തിലെ നെൽക്കർഷകരുടെ ദുരിതത്തിന് ഒരു കാരണമായി മാറിക്കൊണ്ടിരിക്കുകയാണ്. ജന്മിത്വ കാലത്ത് കുടിയാൻ ഉൽപ്പാദിപ്പിക്കുന്നതെല്ലാം കവർന്നെടുത്ത് തനിക്ക് തോന്നുമ്പോൾ ദാനം നൽകുന്നതുപോലെ കൂലികൊടുക്കുന്ന ജന്മിത്വത്തിന്റെ അധമ സംസ്കാരമാണ് കേന്ദ്രസർക്കാർ നെൽക്കർഷകരോട് തുടർച്ചയായി എടുത്തുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനെ മാത്രമേ നെൽക്കർഷകർക്ക് ആശ്രയിക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ പണം നൽകാതിരിക്കുമ്പോഴും ബാങ്കുകളിൽനിന്നും കടം വാങ്ങി കർഷകർക്ക് നെല്ലുവിലയിൽ ഇൻസെന്റീവ് നൽകുന്ന നാടാണ് എൽ.ഡി.എഫ്. ഭരിക്കുന്ന കേരളം. കേന്ദ്രം നെല്ലുവിലയായി നൽകുന്ന 21 രൂപയിൽനിന്നും സംഭരണച്ചെലവുകൾ കഴിച്ച് ബാക്കി തുക കർഷകർക്ക് നൽകുന്ന ഒരു സംസ്കാരമാണ് മറ്റിതര സംസ്ഥാനങ്ങൾ തുടരുന്നത്. എന്നാൽ കേരളത്തിന് കേന്ദ്രം നൽകുന്ന തുക കൂടാതെ പ്രത്യേക ധനസഹായംകൂടി ചേർത്ത് ഒരുകിലോ നെല്ലിന് 28.20 രൂപയും കയറ്റുകൂലിയിലെ

ഒരു വിഹിതവും ചാക്കിന്റെ തുകയും വീടുകളിൽച്ചെന്ന് സംഭരണം നടത്തുന്നതിനാവശ്യമായി വരുന്ന എല്ലാ അധിക സാമ്പത്തിക ബാധ്യതയും ഈ സർക്കാർ ഏറ്റെടുക്കുന്നുണ്ട്. എന്നാൽ ഈ സർക്കാരിന്റെ  പൊതു നന്മകളെല്ലാം തകർക്കുന്ന നിലയിൽ സംഭരണച്ചുമതല ഏറ്റെടുക്കാൻ തയ്യാറാകാതെ സ്വകാര്യ മില്ലുകാർ മാറിനിൽക്കുന്ന സാഹചര്യം നമ്മളെ ബാധിക്കുകയാണ്. അതുപോലെ സപ്ലൈകോ വായ്പയെടുത്ത പൊതുമേഖലാ ഷെഡ്യൂൾഡ് ബാങ്കുകളുടെ നിലപാടെന്താണ്; ആവശ്യത്തിന് ജീവനക്കാരും ബ്രാഞ്ചുകളുമൊന്നുമില്ലാത്ത ഇത്തരം ബാങ്കുകളിൽനിന്ന് വായ്പയെടുത്തതിന്റെ ഫലമായി അവർ ഇപ്പോൾ കർഷകവിരുദ്ധമായ സമീപനമാണ് എടുക്കുന്നത്. അതും നമ്മളെ ബാധിക്കുകയാണ്. ഒന്നാംവിളക്കാലത്ത് സർക്കാർ വിതരണം ചെയ്തുവെന്നുപറയുന്ന മുഴുവൻ തുകയും പല കർഷകർക്കും ഇപ്പോഴും ലഭിച്ചിട്ടില്ല. അത് ബാങ്കുകളുടെ ചില സാങ്കേതിക നിലപാടുകൾമൂലമുണ്ടാകുന്നതാണ്. രണ്ടാംവിള കൊയ്ത്ത് ആരംഭിച്ച് ഒരുമാസം പിന്നിട്ട ഈ സമയത്തും കർഷകരുടെ ആശങ്കയൊഴിഞ്ഞിട്ടില്ല. സംഭരണത്തിന് രജിസ്ട്രേഷൻ നടത്തിയ കർഷകരിൽ പലരും കിട്ടിയ വിലയ്ക്ക് സ്വകാര്യ ഏജന്റുമാർക്ക് നെല്ല് കൊടുക്കുന്ന പ്രവണത കൂടിവരികയാണ്. വിളവെടുക്കാൻ കടം വാങ്ങിയ തുക തിരിച്ചുകൊടുക്കാൻപോലും നെല്ല് വിറ്റാൽ കിട്ടില്ലെന്ന സ്ഥിതിയാണ് ഇപ്പോൾ നെൽക്കർഷകർ

അനുഭവിക്കുന്നത്. മുൻകാലത്ത് എങ്ങനെയായിരുന്നു; കേരളത്തിലെ സഹകരണ സംഘങ്ങൾ മുഖാന്തരം കർഷകർക്ക് നെല്ലുവില നൽകിയപ്പോൾ പാലക്കാട് ജില്ലയിലെ ഒരു കർഷകനുപോലും പരാതിയുണ്ടായിരുന്നില്ല. സാമൂഹിക പ്രതിബദ്ധതയുള്ള സഹകരണ സംഘങ്ങൾ, ഗ്രാമങ്ങളിലാകെ പടർന്നുപന്തലിച്ച സഹകരണ സംഘങ്ങൾ, അവരുടെ സഹകരണ ധനകാര്യ ശൃംഖല സപ്ലൈകോയുമായി കൈകോർത്ത് നടത്തിയ ആ പ്രവർത്തനം മാതൃകാപരമായിരുന്നുവെന്ന് ഇത്തരുണത്തിൽ ഞാൻ ഓർക്കുകയാണ്. നെൽക്കർഷകരെ എപ്പോഴും സഹായിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. അതുകൊണ്ടുതന്നെ മഹാഭൂരിപക്ഷം വരുന്ന നെൽക്കർഷകരും ഇടതുപക്ഷ മനസ്സുമായി ജീവിക്കുന്നവരാണ്. എന്നാൽ ഇപ്പോഴുണ്ടാകുന്ന ഈ പ്രതിസന്ധി നെൽക്കർകരിൽ സങ്കടവും അമർഷവുമുണ്ടാക്കിയിട്ടുണ്ടെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. നെല്ല് സംഭരണത്തിൽ കഴിഞ്ഞ കുറച്ച് സീസണുകളിലായി തുടരുന്ന ഈ പ്രതിസന്ധിക്ക് അടിയന്തരമായി പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, നെല്ലുസംഭരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരികയാണ്. ഈ സീസണിൽ ഇതുവരെ ഒന്നാംവിളയിൽ 55793

കർഷകരിൽനിന്നായി 100358 മെട്രിക് ടൺ നെല്ലും രണ്ടാംവിളയിൽ 429 കർഷകരിൽനിന്നായി 3850 മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. സംഭരണ വിലയായി 39666 കർഷകർക്കായി 294.48 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നെല്ലുസംഭരണത്തിൽ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്ക് അടിസ്ഥാന താങ്ങുവില, എം.എസ്.പി. ഉൾപ്പെടെയുള്ള നെല്ലുസംഭരണ ചെലവുകളുടെ ഇനത്തിൽ 2017-2018 മുതൽ 2022-23 വരെ 614.98 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്രോത്സാഹന ബോണസ് (എസ്.ഇ.ബി.) ഇനത്തിൽ 326 കോടി രൂപ കുടിശ്ശികയുണ്ട്. 2018-19 മുതൽ 2022-23 വരെ ഔട്ടർ റേഷ്യോയിനത്തിൽ 286.96 കോടി രൂപ സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ടുകൾ വിവിധ കാരണങ്ങളാൽ വൈകുന്നതിനാലും തുക തികയാതെ വരുന്നതുമൂലവും സമയബന്ധിതമായി നെല്ല് സംഭരണത്തിന്റെ തുക കർഷകർക്ക് നൽകാൻ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്ക് സാധിക്കാതെ വരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരിൽനിന്നും കർഷകർക്ക് നൽകാനാവശ്യമുള്ള മുഴുവൻ തുകയും സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിലാണ് ചില ബാങ്കുകളുമായി സപ്ലൈകോ പി.ആർ.എസ്. വായ്പയിലേർപ്പെട്ടിട്ടുള്ളത്. വായ്പ കർഷകരുടെ പേരിലാണെങ്കിലും

അതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സപ്ലൈകോയാണ് നടത്തുന്നത്. കൂടാതെ നെല്ലുസംഭരണം വേഗത്തിലാക്കുന്നതിന് ബയോമെട്രിക് പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് കർഷകരിൽനിന്നും നെല്ല് സംഭരിക്കാൻവേണ്ട നടപടികൾ സപ്ലൈകോ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതോടെ സംഭരണ നടപടികൾ കൂടുതൽ കുറ്റമറ്റതാകുന്നതോടൊപ്പം വേഗത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനും സാധിക്കുന്നതാണ്. നിലവിൽ വ്യക്തികൾ അഞ്ച് ഏക്കർ വരെയും ഗ്രൂപ്പുകൾ ഇരുപത്തിയഞ്ച് ഏക്കർ വരെയും സ്ഥലത്ത് കൃഷിചെയ്യുന്ന നെല്ലിനുമാത്രമാണ് സംസ്ഥാന പ്രോത്സാഹന ബോണസ് നൽകിവരുന്നത്. പൊതുവിൽ സംസ്ഥാനത്ത് അഞ്ച് ഏക്കർ വരെ കൃഷി ചെയ്യുന്ന ചെറുകിട നാമമാത്ര കർഷകർക്കുമാത്രമാണ് വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നത്. ഇതേ രീതി തന്നെയാണ് സംസ്ഥാന പ്രോത്സാഹന ബോണസിന്റെ കാര്യത്തിലും നിലവിൽ അവലംബിച്ചുവരുന്നത്. അഞ്ച് ഏക്കർ പരിധി ബാധകമാകാതെ എസ്.ഇ.ബി. അനുവദിക്കുന്ന കാര്യം ധന-കൃഷി വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിൽവരുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ നല്ല സഹായം ലഭ്യമായതുകൊണ്ട് നെൽക്കർഷക മേഖലയിൽ പൊതുവായി

ഉണർവ്വുണ്ടായിട്ടുണ്ട്. ഉൽപ്പാദനക്ഷമതയും വല്ലാതെ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ ഒരേക്കർ സ്ഥലത്ത് 2200 കിലോഗ്രാം നെല്ലുമാത്രമാണ് സംഭരിക്കാൻ ഗവൺമെന്റ് ഉത്തരവാദിത്വമെടുക്കുന്നത്. അതുകൊണ്ട് സംഭരണത്തിന്റെ പരിധി വർദ്ധിപ്പിക്കേണ്ടതാണ്. ഒരേക്കറിൽ 3000 കിലോഗ്രാം വരെ നെല്ലുൽപ്പാദിപ്പിക്കാൻ പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിനൊന്നും ഒരു പ്രയാസവുമില്ലാത്ത ഈ കാലത്ത് ഏക്കറിന് 2200 കിലോഗ്രാം എന്ന പരിധി മാറ്റിനിശ്ചയിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഉല്പാദനക്ഷമതയുടെ പേരിൽ കർഷകന്റെ നെല്ല് അളക്കാത്തൊരു നിലപാട് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ സീസണിൽ ഇതുപോലൊരു പ്രശ്നമുണ്ടായപ്പോൾ കൃഷി ഉദ്യോഗസ്ഥനിൽനിന്ന് റിപ്പോർട്ട് വാങ്ങി മുഴുവൻ കർഷകരുടേയും നെല്ലെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഉല്പാദനക്ഷമതയ്ക്കനുസരിച്ച് ആവശ്യമായ വർദ്ധനവ് വരുത്തുന്നതാണെന്ന കാര്യം സഭയെ അറിയിക്കുന്നു.

(2) വായ്പ കുടിശ്ശിക

ശ്രീ. സജീവ് ജോസഫ്: സർ, ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത്

സാമ്പത്തിക പ്രയാസംമൂലം പണം തിരിച്ചടയ്ക്കാൻ സാധിക്കാത്ത പാവപ്പെട്ടവർക്കെതിരെ വ്യാപകമായി നടത്തി വരുന്ന ജപ്തി നടപടികളുടെ ഫലമായി അവർ നേരിടുന്ന കടുത്ത ആശങ്കയും പ്രതിസന്ധിയും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ കാർഷികമേഖലയും ദുർബല ജനവിഭാഗങ്ങളും കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽപോലും ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകുന്നതിൽ സർക്കാർ നിസംഗത തുടരുന്നതിലുള്ള ജനങ്ങളുടെ ശക്തമായ പ്രതിഷേധം സഭയെ അറിയിക്കുകയാണ്. സംസ്ഥാനത്തെ ബാങ്കുൾ ജപ്തി നോട്ടീസയച്ച് തുടർനടപടി ആരംഭിച്ചതിന്റെ ഭാഗമായി നിരവധി പേരാണ് കഴിഞ്ഞ ദിവസങ്ങളിൽ ആത്മഹത്യ ചെയ്യാനിടയായത്. കണ്ണൂർ ജില്ലയിലെ മലയോരത്ത് നാല് കർഷകരാണ് കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തത്. അയ്യൻകുന്നിലെ സുബ്രമണ്യൻ, കൊളക്കാട്ടെ എം.ആർ. ആൽബർട്ട്, ചന്ദനയ്ക്കാംപാറയിലെ ജോസഫ്, പാത്തൻപാറയിലെ ജോസ് എന്നിവരാണ് ആത്മഹത്യ ചെയ്തത്. ബാങ്കുകളുടെ ജപ്തി നടപടികളും കടക്കെണിയുമാണ് ഇവർ

ആത്മഹത്യചെയ്യാനിടയാക്കിയത്. സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് കുട്ടനാട്ടിൽ ജീവനൊടുക്കിയ പ്രസാദിന്റെ കുടുംബത്തിനുപോലും ജപ്തി നോട്ടീസ് ലഭിച്ചുവെന്ന വാർത്ത അക്ഷരാർത്ഥത്തിൽ കേരളത്തെ ഞെട്ടിച്ചിരിക്കുകയാണ്. ആകെയുള്ള കിടപ്പാടവും ജപ്തി ചെയ്യുമെന്നാണ് നോട്ടീസിൽ പറയുന്നത്. കടബാധ്യതമൂലം ആത്മഹത്യ ചെയ്ത പ്രസാദ് ഇപ്പോഴും കേരളത്തിലെ കർഷകരുടെ വിങ്ങുന്ന വേദനയാണ്. അദ്ധ്വാനിച്ചുണ്ടാക്കിയ നെല്ല് സർക്കാരിന് നൽകിയതാണ് പ്രസാദ് ചെയ്ത ഏക കുറ്റം. വിയർപ്പൊഴുക്കി വിളയിച്ച നെല്ലിന്റെ വില സർക്കാർ നൽകാത്തതിനാൽ പരാജയപ്പെട്ട കർഷകനാണ് താനെന്നായിരുന്നു പ്രസാദിന്റെ ദീനരോധനം. അത് ഒറ്റപ്പെട്ടൊരു ദീനരോധനമല്ല. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളിൽ വിധവകളാകേണ്ടി വന്ന അമ്മമാരുടെ അപേക്ഷകൾ നവകേരള യാത്രയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. അക്കാര്യത്തിലൊന്നും യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചു കണ്ടില്ല. എല്ലാ ധനകാര്യ സ്ഥാപനങ്ങളും ജപ്തി ഏറ്റെടുക്കൽ നടപടികൾക്കായി മത്സരിക്കുന്ന കാഴ്ച നിസ്സഹായതയോടെ നാം നോക്കി കാണുകയാണ്. അതിൽ കേരള ബാങ്കും കാർഷിക വികസന ബാങ്കും

സഹകരണ ബാങ്കുകളുമെല്ലാം ഒപ്പം കൂടിയെന്നത് വലിയ ആശ്ചര്യമാണ്. മൂവാറ്റുപുഴയിൽ മാതാപിതാക്കൾ വീട്ടിലില്ലാതിരുന്നപ്പോഴാണ് കേരളാ ബാങ്ക് ഉദ്യോഗസ്ഥർ രണ്ട് പെൺ കുട്ടികളെ പുറത്താക്കി വീട് ജപ്തി ചെയ്തത്. ഇതുപോലെ കരയിപ്പിക്കുന്ന സമാനമായ സംഭവങ്ങൾ സംസ്ഥാന വ്യാപകമായി നടക്കുകയാണ്. വായ്പയെടുത്ത പാവപ്പെട്ട കർഷകർക്ക് യഥാസമയം പണം തിരിച്ചടയ്ക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ടോ പരിശ്രമിക്കാത്തതുകൊണ്ടോ അല്ല മറിച്ച് അവർക്കതിന് സാധിക്കുന്നില്ലെന്നതാണ് വസ്തുത. അത്തരമൊരു ദശാസന്ധിയിലൂടെ അവർ കടന്ന് പോകുമ്പോഴും അതിന്റെ പ്രധാനപ്പെട്ട ഉത്തരവാദി സംസ്ഥാന സർക്കാർ മാത്രമാണ്. കർഷകരുടെ വിളകൾക്ക് ന്യായമായ വിലയും വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണവും നൽകിയാൽ മാത്രം മതി അവർക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കും. അക്കാര്യത്തിൽ ആത്മാർത്ഥവും ഫലപ്രദവുമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തുന്നതോടൊപ്പം അതിനനുസരിച്ചുള്ള നടപടികളുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വരുമാനം നിലച്ചുപോയ പതിനായിരക്കണക്കിന് തൊഴിലാളികൾ,

തൊഴിൽരഹിതർ, രോഗശയ്യയിലായവർ, ദുർബ്ബലർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരുൾപ്പെടെ ജപ്തി നടപടികൾ നേരിടുകയാണ്. എടുത്ത വായ്പയുടെ രണ്ടും മൂന്നും ഇരട്ടി തുക അടയ്ക്കേണ്ട അവസ്ഥയാണ് ഇപ്പോഴുമുള്ളത്. ജപ്തി നോട്ടീസ് കിട്ടിയതോടെ അവരുടെ ഉറക്കം നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു തുണ്ട് ഭൂമിയും കിടപ്പാടവും മാത്രമുള്ള ഇത്തരം കർഷകരുടെ മനസ്സ് തകർന്നിരിക്കുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നത്.

മി. ചെയർമാൻ: യെസ്... യെസ്...

ശ്രീ. സജീവ് ജോസഫ്: സർ, സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം കർഷകർക്ക് യാതൊരു ഗുണവും ചെയ്തിട്ടില്ല. തിരിച്ചടയ്ക്കേണ്ട കാലാവധി നീട്ടികിട്ടുമെന്നത് മാത്രമാണ് ആകെയുള്ള ഒരാശ്വാസം. കേന്ദ്ര സർക്കാർ കൊണ്ടുവന്ന സർഫാസി നിയമം കർഷകരുടെ തലയിൽ ഒരു ഇടിത്തീപോലെ വീണിരിക്കുകയാണ്. വായ്പയുടെ ഒന്നോരണ്ടോ തിരിച്ചടവുകൾ മുടങ്ങിയാൽ ഗുണ്ടകളെ വീടുകളിലേയ്ക്ക് ഇറക്കി വിട്ട് ജപ്തി നടപടി സ്വീകരിക്കുന്ന അപകടകരമായ സ്ഥിതിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്.

മി. ചെയർമാൻ: യെസ്... യെസ്... ഇത് ശ്രദ്ധക്ഷണിക്കലാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഇവിടെ രണ്ട് മൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. നാമമാത്രമായ കർഷകരെയും ദുർബല ജനവിഭാഗങ്ങളെയും കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുകയും അവരുടെ കടങ്ങൾ എഴുതിത്തള്ളുകയും വേണം. അതിന് സാധിക്കുന്നില്ലെങ്കിൽ ചുരുങ്ങിയത് വായ്പയുടെ പലിശയും പിഴപ്പലിശയുമെങ്കിലും എഴുതിതള്ളാൻ സർക്കാർ തയ്യാറാകണം. പലിശരഹിത വായ്പാ മൊറട്ടോറിയം ഉടൻ പ്രഖ്യാപിക്കുകയും ജപ്തി നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാനുള്ള നിയമമുണ്ടാക്കുകയും വേണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി സർഫാസി നിയമം ഭേദഗതി ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നുകൂടി ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

(ധനകാര്യ വകുപ്പുമന്ത്രി)

പി. 12.02.2024
പി.എസ്./വി. എസ്. (1)
11:00 - 11:10

(2) വായ്പ കുടിശ്ശിക

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള ബാങ്കുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരിക്കുന്നത്. ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളെല്ലാം തന്നെ ബാങ്കിംഗ് കോഡ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യ (ബി.സി.എസ്.ബി.ഐ)-യുടെ കോർഡ് ആൻഡ് സ്റ്റാൻഡേർഡ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൂടാതെ ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിലെ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിന്മേൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ച സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിലിടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതിയുണ്ടെന്ന് ബഹുമാനപ്പെട്ട അംഗത്തിനും

അറിയാവുന്നതാണ്. സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലൂടെയുള്ള പ്രയാസകരമായ സ്ഥിതിവിശേഷം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സർഫാസി നിയമം ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ യാതൊരുവിധ അനുകൂല പ്രതികരണവും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല. ജപ്തി നടപടികളൊഴിവാക്കി നൽകാനും വായ്പാ തിരിച്ചടവിന് സാവകാശം ആവശ്യപ്പെട്ടുകൊണ്ടുമുള്ള നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇത്തരം അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കാനും പരമാവധി സഹായം അനുവദിക്കാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകുന്നുമുണ്ട്.

ഇത്തരത്തിൽ വായ്പ തിരിച്ചടവിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാർ കൈക്കൊള്ളുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, ഗുരുതരമായ പ്രതിസന്ധിയുണ്ടായത് കേന്ദ്ര ഗവൺമെന്റിനുകീഴിലുള്ള ബാങ്കുകളുടെ കാര്യത്തിൽ മാത്രമല്ല കേരള ബാങ്കും കാർഷിക വികസന ബാങ്കും സഹകരണബാങ്കുകളുമൊക്കെ ഇത്തരമൊരു നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഈ ഘട്ടത്തിൽ ഇത്തരം കർഷകർക്കായി  പലിശരഹിത മൊറോട്ടോറിയം പ്രഖ്യാപിക്കാൻ സാധിക്കുമോ; അക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രധാനമായും ഈ വിഷയത്തിന്മേൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നത് Nationalised Bank അല്ലെങ്കിൽ കേന്ദ്ര നിയമത്തിന്റെ പരിധിയിലുള്ള ബാങ്കുകളുടെ ഇത്തരം നടപടികളിലാണ്.  ഇത്തരം ബാങ്കുകളുടെ നടപടിക്രമങ്ങളിൽ ഇടപെടാൻ സർക്കാരിന് പരിമിതിയുണ്ട്. മറ്റ് മേഖലകളിൽ One Time Settlement (OTS), സ്പെഷ്യൽ സ്കീമുകൾ, മൊറട്ടോറിയം എന്നിവ ഇടയ്ക്കിടക്ക് നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ ബാങ്കുകൾ അക്കാര്യത്തിൽ

പ്രത്യേക പ്രാധാന്യത്തോടെ ഇടപെടുന്നുണ്ട്. സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷന്റെ ചില കേസുകൾ വരുന്നുണ്ട്. വായ്പാ കുടിശ്ശികയുടെ കാര്യത്തിൽ സർഫാസി നിയമം വന്നതിനുശേഷമുള്ള പ്രശ്നങ്ങളാണ് ഏറെയുള്ളത്. സർഫാസി നിയമം പാസ്സാക്കുന്ന സമയത്തുതന്നെ അത് പാസ്സാക്കരുതെന്ന് ഇടതുപക്ഷമുന്നണി ആവശ്യപ്പെട്ടിരുന്നതാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല. സർഫാസി നിയമം വന്നത് പത്ത് വർഷത്തിനുള്ളിലല്ല. അതിനുമുമ്പാണ് സർഫാസി നിയമം നിലവിൽവന്നത്. പ്രസ്തുത നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായുള്ള ഗുരുതരമായ അപകടമുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ബാങ്കുകളെ കൊണ്ട് എന്തൊക്കെ ചെയ്യിപ്പിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് കൂട്ടായി ആലോചിക്കാം. അത് കേവലം സഹകരണ ബാങ്കുകളുടെ കാര്യത്തിൽ മാത്രമല്ല സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും (SLBC) മറ്റ് വേദികളിലും ഇക്കാര്യം പറയുന്നുണ്ട്. ജനങ്ങളുടെ ഈ വികാരം കൂടുതൽ ശക്തമായി അവിടെ ഉന്നയിക്കാനും ഇക്കാര്യത്തിൽ പരമാവധി പരിഹാരം കാണാനുമുള്ള പ്രത്യേക ഇടപെടൽ നടത്താം.